# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

21-03-2012-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1477

" പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ.എൻ.എ ഖാദർ | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമിട്ട് പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അവയുടെ പ്രയോഗക്ഷമതയും ഏതെല്ലാം തലങ്ങളിലാണ് വിലയിരുത്തപ്പെടുന്നതെന്ന് വിശദമാക്കുമോ; | (എ) പഞ്ചവത്സര പദ്ധതികളിലും വാർഷിക പദ്ധതികളിലും ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി സർക്കാർ തലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും അവലോകനം ചെയ്യുന്നുണ്ട്. വകുപ്പദ്ധ്യക്ഷന്മാർ പദ്ധതിപുരോഗതി ഓരോ മാസവും വിലയിരുത്തുന്നുണ്ട്. ആസൂത്രണ ബോർഡ് യോഗങ്ങളിലും വകുപ്പ് തലത്തിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. |
| (ബി) ഏറ്റവും ഒടുവിൽ നടത്തിയ അത്തരം വിലയിരുത്തലുകളിൽ കണ്ടെത്തിയ പ്രധാന ന്യൂനതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(സി) ഏതെങ്കിലും പദ്ധതി തീർത്തും പ്രയോഗക്ഷമമല്ലെന്നും ഉദ്ദേശിച്ച നേട്ടം കൈവരിക്കാനായിട്ടില്ലെന്നും, അതു തുടരുന്നത് പ്രായോഗികമല്ലെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം നൽകാമോ;<br>(ഡി) ദീർഘകാല പദ്ധതികളിൽ ഏതിനെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) ഇക്കാരണത്താൽ വിഹിതം നൽകാതിരുന്നിട്ടുണ്ടോ; | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) പദ്ധതികളുടെ പ്രയോഗക്ഷമതയും പ്രതിവർഷനേട്ടവും വിലയിരുത്തി അനുയോജ്യം അല്ലാത്തവ അവസാനിപ്പിച്ച് പകരം പുതിയ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | പദ്ധതികളുടെ പ്രയോഗക്ഷമതയും പ്രതിവർഷനേട്ടവും വിലയിരുത്തിയാണ് ഇപ്പോൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ.